# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4069 | | 16.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| അമൃത് പദ്ധതി | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | നഗരപ്രദേശങ്ങളിലെ കുടിവെള്ളവിതരണം സുഗമമാക്കുന്നതിന് വേണ്ടിയുള്ള 681.2 കോടി രൂപയുടെ കേന്ദ്രപദ്ധതിയായ അമൃത് ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | 2015-16 ലും, 2016-17 ലും പ്രസ്തുത പദ്ധതിക്കായി കേന്ദ്രം എന്ത് തുകയാണ് അനുവദിച്ചതെന്നും അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ബി) | അമൃത് പദ്ധതിയുടെ 2015-16, 2016-17 വർഷത്തെ വാർഷിക പദ്ധതി തുകയുടെ 20% തുക ആയി 134.88 കോടി രൂപ 5 സെക്ടറുകളിലെ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. ഇതിൽ കുടിവെള്ള വിതരണ പദ്ധതികൾക്ക് 40% തുകയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | അനുവദിച്ച തുക മുഴുവനും ചെലവഴിക്കാത്തതിനാൽ തുടർ സഹായം കേന്ദ്രസർക്കാർ മരവിപ്പിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഈ പദ്ധതിയുടെ മേൽനോട്ടത്തിനായുള്ള സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ? | (ഡി) | സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ